# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 631** 03.3.2020 -ൽ മറുപടിയ്ക്ക്

**കോവളം ടൂറിസം മേഖല**

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | അധികൃതരുടെ അവഗണന മൂലം രാജ്യാന്തര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തോട് ടൂറിസ്റ്റുകൾ മുഖംതിരിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | പ്രളയം തകർത്തെറിഞ്ഞ വിനോദ സഞ്ചാരമേഖല കരകയറുന്നുവെന്ന് അവകാശപ്പെടുമ്പോഴും കോവളം മാത്രം ടൂറിസം മേഖലയിൽ നിന്നും പുറകോട്ട് പോയത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | കേരളത്തിൽ ഉണ്ടായ പ്രളയം വിനോദസഞ്ചാര മേഖലകളെ ബാധിച്ചിട്ടുണ്ടെങ്കിലും കോവളം ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് സാരമായ വിധത്തിൽ നാശം ഉണ്ടായിട്ടില്ല. കോവളത്തിനു കൂടുതൽ പ്രതികൂലാവസ്ഥ ഉണ്ടായിട്ടില്ല. കൂടാതെ കോവളത്തെ ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി 20 കോടിയോളം രൂപയുടെ വികസന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നുമുണ്ട്. |
| സി) | വിനോദ സഞ്ചാര വകുപ്പ് കോവളത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തൊക്കെയാണ്; നടപ്പുവർഷത്തെ സീസൺ ആരംഭിക്കുന്നതിന് മുമ്പ് വികസന പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിക്കാതിരുന്നത് തിരിച്ചടിയായി എന്ന് വിലയിരുത്തിയിട്ടുണ്ടോ? | സി) | കോവളം ഒരു അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള അടിസ്ഥാനവികസന സൗകര്യ പ്രവൃത്തികൾ നടപ്പിലാക്കി വരികയാണ്. നിലവിലുള്ള സൗകര്യം വർധിപ്പിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി കാലാനുസൃതമായ വിപുലീകരണം സാധ്യമാക്കിയുള്ള സമഗ്ര പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ചില ഘടകങ്ങൾ സ്ഥല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലം കാലതാമസം നേരിടുന്നുണ്ട്. കൂടാതെ അടിസ്ഥാന ആവശ്യമായ കുടിവെള്ളം നൽകുന്ന 14 കോടി രൂപയുടെ പദ്ധതി വിനോദ സഞ്ചാര വകുപ്പ് പൂർത്തീകരിച്ചത് ഉടൻ തുറന്നുകൊടുക്കുന്നതാണ്. ലൈറ്റിംഗ് സംവിധാനം പോരായ്മകൾ പരിഹരിച്ച് വിപുലീകരിച്ചിട്ടുണ്ട്. കോവളം വെള്ളാറിൽ കോഴിക്കോട് ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ മാതൃകയിൽ സ്ഥാപിച്ച ക്രാഫ്റ്റ് വില്ലേജ് പ്രവർത്തനത്തിന് സജ്ജമായി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ